## കൃഷിവികസനം

175. [37] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കൃഷിവികസനത്തെ ലാക്കാക്കി ഏതെല്ലാം നിർദ്ദേശങ്ങൾ ഈ ഗവണ്മെൻറ് സമർപ്പിച്ചിട്ടുണ്ട്;

(ബി) ആ വകയ്ക്ക് ആകെ എന്തു ചെലവുവരും?

## ഉത്തരം

(എ,ബി) പദ്ധതികൾ ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുകയാണ്.

## ബസ്സ്റ്റാൻഡുകൾ.

176. [38] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീകരിക്കപ്പെട്ട ബസ്സ്റ്റാൻഡുകളിൽ എവിടെയെല്ലാം പ്രൈവറ്റ് ഏജൻസികൾ ഓവർലാപ്പിംഗ് സർവ്വീസുകൾ നടത്തിവരുന്നുണ്ട്; ഇതുനിമിത്തം ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറിൻെറ വരുമാനത്തിൽ എന്തു കുറവുണ്ടാകുന്നുവെന്ന് കണക്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെത്ര?

(ബി) ഓവർലാപ്പിംഗ് സർവ്വീസുകൾ നിറുത്തൽ ചെയ്യുവാൻ ഈ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ?

## ഉത്തരം

(എ) മിക്കവാറും എല്ലാ റൂട്ടുകളിലും പ്രൈവറ്റ് ഏജൻസികൾ ഓവർലാപ്പിംഗ് സർവ്വീസുകൾ നടത്തിവരുന്നുണ്ട്. ഇതുനിമിത്തം ഡിപ്പാർട്ട്മെൻറിൻെറ വരുമാനത്തിൽ എന്തു കുറവുണ്ടാകുന്നുവെന്ന് കണക്കെടുത്തു നോക്കിയിട്ടില്ല.

(ബി) ഇപ്പോൾ നിറുത്തൽചെയ്യുവാൻ ഉദ്ദേശിക്കുന്നില്ല.

## UNSTARRED QUESTIONS POSTED FOR ANSWER ON 26-3-1955.

## നെയ്യാറിൻകര ആശുപത്രി.

177. [2] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറിൻകര ഡിസ്പെൻസറി ആശുപത്രിയിലെ പേവാർഡ് കെട്ടിടം പണിതീർന്നിട്ട് എത്ര കാലമായി;

(ബി) അതു് എന്നുമുതല്ക്കാണ് ആവശ്യക്കാർക്ക് തുറന്നുകൊടുത്തത്;

(സി) പണിതീർന്നതിനുശേഷം ഇത്രയുംകാലം കെട്ടിടം പൂട്ടിയിടാൻ കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly